# ഗവ .എൽ. പി .സ്കൂൾ തൃച്ചാറ്റുകുളം

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 2026



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -2026

സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുന്നതിനും അക്കാദമിക മുന്നേറ്റത്തിനും , വ്യക്തിത്വവികസനത്തിനും ,സന്മാർഗിക വളർച്ചയ്ക്കും ഉതകുന്ന തരത്തിലുള്ള മികച്ച പ്രവർത്തനങ്ങൾ ഓരോ വിദ്യാലയത്തിലും നടത്തിവരുന്നു . പൊതുവിദ്യാഭ്യാസത്തിന്‍്റെ ഭാഗമായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മികവുറ്റതാക്കി ,ഓരോ വർഷവും അക്കാദമിക ഭൗതിക സാഹചര്യങ്ങളിൽ ഓരോ സ്ഥാപനവും ഉന്നതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നു .എല്ലാ വിദ്യാർത്ഥികളുടെയും പഠന പുരോഗതിയും സമഗ്ര വികസനവും ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളാണ് സ്കൂൾതലത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത് . ഏറ്റവും ഉയർന്ന തലത്തിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുക എന്നതാണ് പരമമായ ലക്ഷ്യം. അതിനുവേണ്ടിയുള്ള സമഗ്രാസൂത്രണമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് .

സ്കൂളിൻറെ ഭൗതിക പുരോഗതിയെ ലക്ഷ്യം വച്ച് ക്ലാസ്സ്തല പ്രവർത്തനങ്ങളുടെ സമഗ്രത ലക്ഷ്യമാക്കി വിഷയാടിസ്ഥാനത്തിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട് . ആകർഷകമായ വിദ്യാലയ അന്തരീക്ഷം വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരുപോലെ സ്വാധീനിക്കുന്നു .

## കാഴ്ചപ്പാടുകൾ

### സമഗ്രമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിന്

സമഗ്രമായതും ഗുണമേന്മയുള്ളതും സന്മാർഗികവും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുന്നതിലൂടെ ബുദ്ധിശക്തിയും , സാമൂഹ്യബോധവും , സാംസ്കാരിക ബോധവുമുള്ള സമൂഹത്തിന് പ്രയോജനകരമായ പൗരന്മാരെ രൂപപ്പെടുത്തുന്ന മാതൃകാപരമായ വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റുക.

### നവോത്ഥാന ഭാവിയിലേക്കുള്ള കാഴ്ചപ്പാട്

സാമൂഹ്യബോധം , അറിവ് ,പുതുമ , സാങ്കേതിക പരിജ്ഞാനം , ധാർമികത എന്നിവ അടിസ്ഥാനമാക്കി വിദ്യാർത്ഥികളെ ഭാവിയിലെ സമൂഹത്തെ നയിക്കുന്നതിനും , സമൂഹത്തിന് നേതൃത്വം നൽകുന്നതിനും പ്രാപ്തിയുള്ളവരായി വളർത്തുക.

**<u>മൂല്യങ്ങളും ഭാരതീയതയും അടിത്തറയാക്കിയ കാഴ്ചപ്പാട്</u>**

ഭാരതീയ ജനതയുടെ സാംസ്കാരിക മൂല്യങ്ങളെ ആസ്പദമാക്കി അധ്യയനവും ആത്മീയ ഉണർവുമുള്ള വിദ്യാഭ്യാസം നൽകുന്നതിലൂടെ അറിവിലും മൂല്യത്തിലും സമന്വയമായ പൗരന്മാരായി രൂപപ്പെടുന്നു.

## <u>അക്കാദമിക പ്രവർത്തനങ്ങൾ</u>

മാതൃഭാഷയും ഇംഗ്ലീഷ് ഭാഷയും തെറ്റു കൂടാതെ പറയുന്നതിനും എഴുതുന്നതിനും അവ വികസിപ്പിക്കുന്നതിനുമായി പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കുക . ഭാഷാശേഷി വളർത്തുന്നതിനായി വായനാസാമഗ്രികകൾ പ്രയോജനപ്പെടുത്താം . ദിനാചരണങ്ങളിലൂടെ അതതു ദിവസങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും മനസ്സിലാക്കാൻ സാധിക്കുന്നു.

ബോധനരീതികൾക്ക് ആധുനിക രീതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സ്മാർട്ട് ക്ലാസ്സ് റൂം പ്രയോജനപ്പെടുത്താം. പഠിപ്പിക്കുന്ന കാര്യങ്ങൾ കുട്ടികളിലേക്ക്എത്തുന്നുണ്ടോയെന്നു ഉറപ്പുവരുത്തുന്നതിനായി ആഴ്ചയിലൊരിക്കൽ ക്ലാസ് ടെസ്റ്റും നടത്തുക . ഗൃഹപാഠം നൽകുകയും അവ ചെയ്തിട്ടുണ്ടോയെന്ന് രക്ഷിതാക്കളും ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെടുക .

കലാകായിക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുന്നതിനോടൊപ്പം അവ പ്രദർശിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക . പ്രോത്സാഹിപ്പിക്കുക .

സന്മാർഗിക ബോധവും സാമൂഹ്യബോധവും ഉള്ളവരാക്കി വിദ്യാർത്ഥികളെ മാറ്റുന്നതിനുള്ള

പ്രവർത്തനങ്ങൾ ക്ലാസിൽ നടപ്പിലാക്കുക .ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നതിൽ കുട്ടികളെയും പങ്കാളികളാക്കി അവരിൽ സാമൂഹ്യബോധം കൂടി വളർത്തുക .

## മേഖല- അക്കാദമികം

**ഉപ മേഖല മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും തെറ്റുകൂടാതെ മാതൃഭാഷയിൽ സംസാരിക്കാനും മനസ്സിലെ ആശയങ്ങൾ തെറ്റു കൂടാതെ എഴുതുന്നതിനുമുള്ള കഴിവ് വികസിപ്പിച്ചെടുക്കുക<br><br>വായനാ പരിപോഷണം | പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുന്നു. പരിമിതികൾ വിശകലനം ചെയ്യുന്നു.<br><br>പുസ്തക ശേഖരണവും, പ്രദർശനവും, പത്ര വായന, പഴഞ്ചൊല്ല്, ശൈലികൾ ,വിവിധ സാഹിത്യ രൂപങ്ങൾ | ജൂൺ<br><br>ജൂലൈ<br><br>ഓഗസ്റ്റ്<br><br>സെപ്റ്റംബർ | എസ് ആർ ജി<br><br>ക്ലാസ് ടീച്ചർ.<br><br>ക്ലാസ് ടീച്ചർ |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|

| | | | |
|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. | വാർത്താ വായന അതാത് മാസത്തെ പ്രധാന സംഭവങ്ങൾ , ക്ലാസ് ,സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് നടത്തുന്നു.<br><br>തുടർ പ്രവർത്തനങ്ങൾ.<br><br>കഥാരചന, കവിതാരചന, ഡയറിക്കുറിപ്പ്, വിവരശേഖരണം, സംഭാഷണം, ജീവചരിത്രക്കുറിപ്പ് തുടങ്ങിയവ തുടർച്ചയായി ചെയ്യുന്നു. | ഒക്ടോബർ<br><br>ഡിസംബർ<br><br>ഡിസംബർ<br><br>മാർച്ച് | ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ |

## മേഖല – അക്കാദമികം

### ഉപമേഖല- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ നന്നായി എഴുതുവാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് | ഇംഗ്ലീഷ് കഥകൾ വായിക്കുക ,കഥകൾ സംഭാഷണങ്ങൾ എന്നിവ ഇംഗ്ലീഷിൽ പൂർത്തിയാക്കൽ, ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ<br><br>സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നൽകൽ ഗ്രാമർ വ്യക്തമായി കുട്ടികളിലേക്ക് | ജൂൺ ജൂലൈ<br><br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | എത്തിക്കുന്നു.<br><br>വാക്കുകളുടെ അർത്ഥം നിഘണ്ടു നോക്കി കണ്ടെത്തൽ . | നവംബർ<br>മാർച്ച് | ക്ലാസ് ടീച്ചർ |

## <u>മേഖല – അക്കാദമികം</u>

## ഉപമേഖല -പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവും ആക്കുക<br>നിരീക്ഷണം ,അറിവു നിർമ്മാണം<br><br>ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ<br><br>ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ, സാങ്കേതിക വിദ്യകൾ, | പോസ്റ്റർ, രചനാ മത്സരങ്ങൾ നടത്തുന്നു,<br><br>ഔഷധ സസ്യങ്ങൾ, ചെറു ധാന്യങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്നു.<br><br>ജീവിത ശൈലി രോഗങ്ങൾ, കാരണങ്ങൾ എന്നിവ കണ്ടെത്തുന്നു.<br>ചെടികളുടെ വിവിധ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു.<br><br>ലീനം,ലായകം ,ലായനി എന്നിവ വേർതിരിച്ചറിയുന്നു.<br><br>ആഹാര ശൃംഖല, ദഹന വ്യവസ്ഥ, പ്രത്യുൽപാദനം, പ്രജനന രീതികൾ എന്നിവ പരിചയപ്പെടുത്തുന്നു. | ജൂൺ<br>ജൂലൈ<br><br>ആഗസ്റ്റ്<br>ഒക്ടോബർ<br><br>നവംബർ<br>ഡിസംബർ<br><br>ജനുവരി | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് |

| | | | |
|---|---|---|---|
| പരീക്ഷണങ്ങൾ നടത്തൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി പരീക്ഷണങ്ങൾ നടത്തുന്നു. | മാർച്ച് | ടീച്ചർ<br>ക്ലാസ് ടീച്ചർ |

## മേഖല – അക്കാദമികം

### ഉപമേഖല- സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ പരിശോധിക്കൽ. | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ജൂൺ<br>സെപ്റ്റംബർ | ക്ലാസ് ടീച്ചർ |
| ചരിത്രാവബോധം ഉള്ളവരാക്കിയെടുക്കുക. | ലോകചരിത്രം ,ഇന്ത്യൻ ചരിത്രം, കേരള ചരിത്രം എന്നിവയെക്കുറിച്ച് അവബോധം. | ഒക്ടോബർ<br>ഡിസംബർ<br>ജനുവരി | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ |
| പ്രകൃതി ദുരന്തങ്ങൾ പരിചയപ്പെടുത്തുക. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ചിത്രങ്ങളുടെ പ്രദർശനം.<br>പ്രപഞ്ചത്തെക്കുറിച്ച് ഐസിടി | ഫെബ്രുവ | |

| | | | |
|---|---|---|---|
| വൻകരകൾ, സമുദ്രങ്ങൾ ,പ്രപഞ്ചം, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ ഭൂപടം നിരീക്ഷിക്കൽ, തിരിച്ചറിയൽ. | പ്രദർശനം. ഗ്രഹങ്ങളെ പരിചയപ്പെടുത്തുന്നു. ഭൂപടം നിരീക്ഷിക്കാനും മനസ്സിലാക്കാനും പ്രാപ്തരാക്കുന്നു. | രി<br>മാർച്ച് | ക്ലാസ് ടീച്ചർ |

## മേഖല –അക്കാദമികം

### ഉപമേഖല- ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുക. | സംഖ്യാ പാറ്റേൺ നിർമ്മിക്കൽ ഗുണനപ്പട്ടിക ഹൃദിസ്ഥമാക്കൽ. | ജൂൺ ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ഗണിത മേഖലയിലെ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | കളി രീതികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | സെപ്റ്റംബർ ഡിസംബർ | ക്ലാസ് ടീച്ചർ |
| നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള കഴിവ്. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ | ജനുവരി<br>മാർച്ച് | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പരിഹാരബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു . | | |

## ഹ്രസ്വകാല -ദീർഘകാല പ്രവർത്തനങ്ങൾ

- വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളുടെ സമഗ്രമായ മാറ്റം, അറ്റകുറ്റപ്പണികൾ, നവീകരിക്കൽ, വിദ്യാലയം ആകർഷകമാക്കൽ തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു.

- മനോഹരമായ പൂന്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കാൻ തീരുമാനിച്ചു.

- രക്ഷിതാക്കളുടെ സഹായത്തോടുകൂടി പരിസരം വൃത്തിയാക്കി.

- സ്കൂളിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കി .

- വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങളോടുകൂടിയ ഒരു പ്ലേ ഗ്രൗണ്ട് ലക്ഷ്യം വയ്ക്കുന്നു.

## പ്രവർത്തന കലണ്ടർ

**ജൂൺ**

- പ്രവേശനോത്സവം
- എസ് ആർ ജി യോഗം
- ടൈംടേബിൾ
- പരിസ്ഥിതി ദിനാചരണം

- ക്ലാസ് പിടിഎ
- സ്റ്റാഫ് മീറ്റിംഗ്
- വായനാദിനം
- അന്താരാഷ്ട്ര യോഗദിനം
- ലഹരി വിരുദ്ധ ദിനം.

**ജൂലൈ**

- ബഷീർ ദിനം
- മലാല ദിനം
- എസ് ആർ ജി യോഗം
- എസ് .എം.സി.പൊതുയോഗം
- ചാന്ദ്രദിനം
- ക്ലബ്ബ് രൂപീകരണം, ഉദ്ഘാടനം.

**ഓഗസ്റ്റ്**

- ഹിരോഷിമ ദിനം
- എസ് ആർ ജി യോഗം
- കലാകായിക പ്രവർത്തി പരിചയ മേള
- സ്വാതന്ത്ര്യദിനാഘോഷം
- ദേശീയ കായിക ദിനം.

**സെപ്റ്റംബർ**

- ഓണാഘോഷ പരിപാടികൾ
- അധ്യാപക ദിനാഘോഷം
- എസ് ആർ ജി യോഗം
- ഓസോൺ ദിനം

**ഒക്ടോബർ**

- ഗാന്ധിജയന്തി ദിനാഘോഷം
- സേവനവാരം
- ഉപജില്ലാ മേള ഒരുക്കങ്ങൾ
- കലാ കായിക മത്സരങ്ങൾ
- ലോകമിതവയ ദിനം
- എസ് ആർ ജി യോഗം
- വാർഷിക ദിനാഘോഷ ഒരുക്കങ്ങൾ

## നവംബർ

- കേരളപ്പിറവി
- മലയാള ദിന ക്വിസ് മത്സരം
- എസ് ആർ ജി യോഗം
- ശിശുദിനാഘോഷം
- ക്ലബ് തല പ്രവർത്തനങ്ങൾ

## ഡിസംബർ

- ലോക മനുഷ്യാവകാശ ദിനം
- എസ് ആർ ജി യോഗം
- സ്കൂൾ ഫീൽഡ് ട്രിപ്പ്
- ക്രിസ്മസ് പരീക്ഷ ഒരുക്കങ്ങൾ
- ക്രിസ്മസ് ആഘോഷം

## ജനുവരി

- ക്ലബ്ബ്തല പ്രവർത്തനങ്ങൾ
- എസ് ആർ ജി യോഗം
- റിപ്പബ്ലിക് ദിനം
- രക്തസാക്ഷിദിനം

## ഫെബ്രുവരി

- മാതൃഭാഷാദിനം
- എസ് ആർ ജി യോഗം

## മാർച്ച്

- വാർഷിക  പരീക്ഷ ഒരുക്കങ്ങൾ
- ലോക വനിതാദിനം
- എസ് ആർ ജി യോഗം
- ലോകജലദിനം
- ലോക വനദിനം
- വാർഷിക പരീക്ഷ.

## ഉപസംഹാരം

അധ്യയന വർഷത്തിന്റെ സമഗ്ര വികസനവും വിദ്യാർത്ഥികളുടെ ഭൗതിക മാനസിക ശാരീരിക സാമൂഹിക വളർച്ചയും ലക്ഷ്യം വെച്ച് തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ . പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ തമ്മിൽ സമന്വയിപ്പിച്ച് ഓരോ പോരായ്മയും ഒഴിവാക്കുന്ന വിധത്തിൽ അനുസ്യൂതമായ പ്രവർത്തന പട്ടികയും പദ്ധതിയും ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു .

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ തിരിച്ചറിയുകയും അവരെ വിവിധ മേഖലകളിൽ സജീവമായി പങ്കെടുപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. വർഷംതോറും ഇതിൽ ആവശ്യമായ മാറ്റങ്ങളും പുതുക്കലുകളും വരുത്തുന്നതിലൂടെ കൂടുതൽ ഫലപ്രദവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ പ്ലാൻ സഹായകമാകും.

ഈ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി അധ്യാപകരും ഭരണസമിതിയും കൈകോർത്ത് പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികളുടെ പുരോഗതി ഉറപ്പുവരുത്തുന്നതിൽ ഇതൊരു മാർഗദീപം ആയിരിക്കും എന്ന് വിശ്വസിക്കുന്നു.

**X==============X==============X**